**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം തടയാനും കർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കാനും സംസ്ഥാനത്തിനകത്ത് ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ? | (എ) | **കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളെല്ലാം തന്നെ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതാകയാൽ അവയുടെ വിലയിൽ നേരിട്ട് നിയന്ത്രണം അസാധ്യമാണ്. അതുപോലെ കടത്തുകൂലിയും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.**<br><br>**പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിന്, പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് എന്ന കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയും മിൽമയുടെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറിയും കാലിത്തീറ്റ നിർമ്മിച്ച് വിപണിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു. ഇവരുടെ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നത് സർക്കാരാണ്. അതുകൊണ്ട് പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്.**<br><br>**സ്വകാര്യ സംരംഭകർ കാലിത്തീറ്റ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരുന്നില്ല. മിൽമയുടെയും കേരളഫീഡ്സിന്റെയും പ്രവർത്തനനഷ്ടം പരിഗണിച്ച് സർക്കാർ കാലിത്തീറ്റ വില വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും വിവിധ വശങ്ങൾ പഠിച്ച് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിനനുസരിച്ചാണ് കാലിത്തീറ്റയുടെ വിൽപ്പന വില 2022 നവംബറിൽ വർദ്ധിപ്പിക്കേണ്ടിവന്നത്. വില വർദ്ധനവ് നടപ്പിലാക്കിയതിന് ശേഷവും മേഖലാ യൂണിയനുകൾ അവരവരുടെ കഴിവിനനുസരിച്ചുള്ള സബ്സിഡി കർഷകർക്ക് നൽകി വരുന്നുണ്ട്.**<br><br>**കർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ കീഴിൽ ഗോവർദ്ധനി സ്കീം പ്രകാരം 4 മുതൽ 6 മാസം വരെയുള്ള പശുകുട്ടികളെ** |

തിരഞ്ഞെടുത്ത് അവയ്ക്ക് അൻപത് ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്. മൃഗാശുപത്രികളിലും കൃത്രിമബീജാധാന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കന്നുകുട്ടികൾക്കും എരുമകുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. ഒരു കർഷകന് രണ്ട് പശു/എരുമക്കുട്ടികൾക്കുവരെ ആനുകൂല്യം ലഭിക്കും. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) പ്രകാരം 4 മാസം പ്രായമായ കുട്ടികൾക്ക് 30 കിലോ തീറ്റ 5 മാസം മുതൽ 6 മാസം വരെ 45 കിലോ ഗ്രാം, 7 മാസം മുതൽ 18 മാസം വരെ 60 കി.ഗ്രാം അതിന് ശേഷം 75 കിലോ ഗ്രാം എന്നിങ്ങനെ പകുതി സബ്സിഡിയോട് (50% subsidy) കൂടിയാണ് അനുവദിക്കുന്നത്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 50% സബ്സിഡിയോടുകൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപ വരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.

കേരള ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുകര (പ്രതിദിന ഉത്പാദന ശേഷി 650 മെട്രിക് ടൺ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ), കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂർ (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ), ഇടുക്കി ജില്ലയിലെ അരിക്കുഴ (പ്രതിദിന ഉത്പാദന ശേഷി 500 മെട്രിക് ടൺ) എന്നീ യൂണിറ്റുകളിൽ നിന്നായി കാലിത്തീറ്റ ഉത്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉല്പാദനശേഷി 1750 ടണ്ണായി ഉയർത്തിയിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ വില അനുകൂലമായി വരുന്ന സാഹചര്യങ്ങളിൽ അസംസ്കൃത വസ്തുക്കൾ കൂടുതൽ അളവ് വാങ്ങി സൂക്ഷിക്കുന്നതിനും റെയിൽമാർഗ്ഗം ഉത്തരേന്ത്യയിൽ നിന്നും വിളവെടുപ്പ് സമയത്ത് പ്രധാന അസംസ്കൃത വസ്തുവായ എണ്ണയില്ലാത്ത തവിട് ഫാക്ടറികളിൽ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കാലിത്തീറ്റയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭിക്കുന്നതിനായി കേരളത്തിൽ തന്നെ കാലിത്തീറ്റ നിർമ്മാണത്തി

| | | | |
|---|---|---|---|
| | | | **നാവശ്യമായ ചോളം ഉത്പാദിപ്പിക്കുവാൻ നടപടി കേരള ഫീഡ്സ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. ഈ രീതികളിലൂടെ കാലിത്തീറ്റകളുടെ ഉത്പ്പാദന ചെലവ് കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.**<br><br>**ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി എം ആർ എന്നിവ ക്ഷീര വികസന വകുപ്പ് നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.** |

സെക്ഷൻ ഓഫീസർ